# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിൻറെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3-പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 10,739/-രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.2190/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:22/07/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/08/2015-ലെ എം3-27007/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22/01/2016-ലെ കെ.എസ്.എ 14101/പിറ്റി1/2015 നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2005-2006 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം ബസ് സ്റ്റാന്റ് ഫീ പിരിക്കാൽ ലേലം കൊണ്ടയാൾക്ക് ലേലത്തുകയുടെ പണിമുടക്ക ദിവസങ്ങളിലെ ആനുപാതികമായ തുകയായ 10,739/-രൂപ(പതിനായിരത്തി എഴുന്നൂറ്റിമുപ്പത്തി ഒമ്പത് രൂപ) കിഴിവ് അനുവദിച്ചതിനാൽ പ്രസ്തുത തുക ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ലേലക്കരാറിൽ കിഴിവ് നൽകുന്നതിന് വ്യവസ്ഥയൊന്നുമില്ലാതെ, ലേലത്തുകയിൽ കിഴിവ് അനുവദിച്ചതിനാലാണ് ഓഡിറ്റ് തടസ്സം വന്നിട്ടുള്ളത്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 31/03/2015 ലെ VI(31)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നഷ്ടോത്തരവാദിയായ ലേലക്കാരൻ മരണപ്പെട്ടുപോയ സാഹചര്യത്തിൽ ആഡിറ്റ് ചൂണ്ടിക്കാണിച്ച നഷ്ടതുക എഴുതിത്തള്ളാൻ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക-3-3 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ ആഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിലും കാലപ്പഴക്കം പരിഗണിച്ചും കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2005-2006 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 10,739/- (പതിനായിരത്തി എഴുന്നൂറ്റിമുപ്പത്തി ഒമ്പത് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കോട്ടയം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, കറുകച്ചാൽ ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ